**15 -ാം കേരള നിയമസഭ**

**10 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2840** **13-02-2024 - ൽ മറുപടിയ്ക്ക്**

**സഹകരണ പരീക്ഷാ ബോർഡുകൾ വഴിയുള്ള നിയമനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. മുരളി പെരുനെല്ലി | | ശ്രീ. വി.എൻ വാസവൻ<br>(തുറമുഖം - സഹകരണ വകുപ്പ് മന്ത്രി) | |
| (എ) | കേരളത്തിലെ സഹകരണ സ്ഥാപനങ്ങളിൽ അംഗീകൃത സ്റ്റാഫ് പാറ്റേൺ പ്രകാരം സഹകരണ പരീക്ഷാ ബോർഡുകൾ വഴി നിയമനം നൽകാവുന്ന എത്ര ഒഴിവുകൾ നിലവിലുണ്ട്; | (എ) | കേരളത്തിലെ സഹകരണ സ്ഥാപനങ്ങളിൽ അംഗീകൃത സ്റ്റാഫ് പാറ്റേൺ പ്രകാരം സഹകരണ പരീക്ഷാ ബോർഡ് വഴി നിയമനം നൽകാവുന്ന **4129** ഒഴിവുകൾ നിലവിലുണ്ട്. |
| (ബി) | സ്ഥാപനങ്ങൾ പരീക്ഷാ ബോർഡ് വഴി അപേക്ഷിച്ചിട്ടും ഒഴിവ് നികത്താൻ ആവശ്യമായ ആളുകളെ ലഭിക്കുന്നില്ല എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (ബി) | എഴുത്തു പരീക്ഷ എല്ലാ സംഘങ്ങൾക്കുമായി പൊതുവായി നടക്കുന്നതിനാൽ ഒരു റാങ്ക് ലിസ്റ്റിൽ നിന്നും നിയമിക്കപ്പെടുന്നവർ മറ്റ് സ്ഥാപനങ്ങളിൽ നിയമനം ലഭിക്കുമ്പോൾ നിലവിലെ ജോലി ഉപേക്ഷിച്ച് പോകുന്നതായും ടി സ്ഥാപനങ്ങളിൽ വീണ്ടും ഒഴിവുകൾ നിലനില്ക്കുന്ന സാഹചര്യം ഉണ്ടാകുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (സി) | സഹകരണ സ്ഥാപനങ്ങളിൽ നിലവിലുള്ള ഒഴിവുകൾ നികത്തുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശങ്ങൾ നൽകാമോ? | (സി) | സഹകരണ സ്ഥാപനങ്ങളിൽ ഒഴിവുകൾ നികത്തുന്നതിന് പബ്ലിക് സർവ്വീസ് കമ്മീഷൻ, സഹകരണ പരീക്ഷാ ബോർഡ്, ഔട്ട്സൈഡ് ഏജൻസി എന്നിവ മുഖേന നടത്തുന്ന പരീക്ഷയുടെയും ബാങ്ക് ഭരണസമിതിയുടെ നേർക്കാഴ്ച്ചയുടെയും അടിസ്ഥാനത്തിൽ റാങ്ക് ലിസ്റ്റ് തയ്യാറാക്കി നിയമനം നടത്തുന്നതിന് ജോയിന്റ് രജിസ്ട്രാർമാർ സഹകരണ സ്ഥാപനങ്ങൾക്ക് നിർദ്ദേശം നല്കിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ